**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 62** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ജലാശയങ്ങളുടെ ആഴം കൂട്ടാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. നാട്ടകം സുരേഷ് | ശ്രീ. മോൻസ് ജോസഫ് |
| ശ്രീ. അൻവർ സാദത്ത് | (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |
| ശ്രീ. സെബാസ്റ്റ്യൻ. എം. ജെ | |
| ശ്രീ. അബിൻ വർക്കി കോടിയാട്ട് | |

**(എ)** സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങൾ മൂലം ഡാമുകൾ, പ്രധാന നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ ധാരാളം മണലും ചെളിയും അടിഞ്ഞു കൂടിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പ്രളയം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഇതിനെ തുടർന്നുണ്ടായ മണ്ണിടിച്ചിൽ, മണ്ണൊലിപ്പ് എന്നിവ കാരണം ഡാമുകളിലും, പ്രധാന നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിലും എക്കലും, മണ്ണും, പാറകഷ്ണങ്ങൾ, മരങ്ങൾ, മറ്റ് പാഴ്വസ്തുക്കളും അടിഞ്ഞു കൂടിയിട്ടുണ്ടെന്നാണ് പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുള്ളത്.Kerala Engineering Research Institute പീച്ചിയുടെ പഠനങ്ങളിൽ നിന്നും ജലസേചന വകുപ്പിന് കീഴിലുള്ള 15 ഡാമുകളുടെ സംഭരണ ശേഷി ശരാശരി 13.78% കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. 2018-2019 വർഷങ്ങളിലെ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 43 നദികളിൽ (കല്ലായി ഒഴികെ) ഏകദേശം 3,01,65,570.66 $m^3$ ചെളിയും മണ്ണും നീക്കം ചെയ്യപ്പെടേണ്ടതാണെന്ന് കണക്കാക്കുകയും അതിൽ 98,35,939.41 $m^3$ മണ്ണും ചെളിയും നീക്കം ചെയ്യുകയും ചെയ്തു.

പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഡാമുകളിൽ ചെളിയും മണ്ണും മണലും അടിഞ്ഞു കൂടി ജലസംഭരണശേഷി കുറയുന്നത് കണക്കാക്കാൻ KERI Peechi മുഖാന്തിരം വിവിധ വർഷങ്ങളിലായി Bathymetric Study നടത്തുകയും പ്രസ്തുത പഠനത്തിൽ വിവിധ ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടി, ഡാമുകളിലെ ജലസംഭരണ ശേഷി ഗണ്യമായി കുറയുന്നുണ്ടെന്നും കണ്ടത്തിയിട്ടുണ്ട്. <u>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</u>

ജലസേചന പദ്ധതി വിഭാഗത്തിൽ നെയ്യാർ, കല്ലട, മലങ്കര, ചിമ്മിനി, വാഴാനി എന്നീ ഡാമുകളും മണിയാർ, ഭൂതത്താൻകെട്ട് എന്നീ ബാരേജുകളിലെ <u>സെഡിമെൻറേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.</u>

**(ബി)** മണലും ചെളിയും അടിഞ്ഞു കൂടുന്നതുമൂലം ജലാശയങ്ങളുടെ ആഴം കുറഞ്ഞ് ജലസംഭരണശേഷി കുറയുന്നത് പ്രളയവും വെള്ളപ്പൊക്കവും ഇടക്കിടെ ഉണ്ടാകാൻ കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മണലും ചെളിയും അടിഞ്ഞുകൂടുന്നതുമൂലം ജലാശയങ്ങളുടെ ആഴം കുറഞ്ഞ് ജല സംഭരണ ശേഷി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തന്മൂലമാണ് പ്രളയവും വെള്ളപ്പൊക്കവും ഉണ്ടാക്കുന്നതെന്ന് ശാസ്ത്രീയമായി കണ്ടെത്തിയിട്ടില്ല. എക്കലും ചെളിയും അടിഞ്ഞ് ആഴം കുറയുമ്പോൾ നദികളുടെ ജലവാഹകശേഷി കുറയുന്നു. അതുമൂലം catchment പ്രദേശങ്ങളിൽ ഉണ്ടാകുന്ന അതിതീവ്ര മഴയിൽ run-off response time വളരെ കുറവായതിനാൽ ജലം അതിവേഗം നിരപ്പായ പ്രദേശങ്ങളിൽ എത്തുകയും നിർഗമനത്തിന് സമയമെടുക്കുകയും ചെയ്യുന്നതിനാൽ ജലനിരപ്പ് ഉയരുകയും സമീപപ്രദേശങ്ങളിൽ വെള്ളം കയറുകയും ചെയ്യുന്നു.

**(സി)** ജലാശയങ്ങളിൽ അടിഞ്ഞുകൂടികിടക്കുന്ന മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്ത് ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> ജലാശയങ്ങളുടെ ജലസംഭരണ ശേഷിയും നീരൊഴുക്ക് ശേഷിയും നിലനിർത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ പരിശോധനയും സാങ്കേതിക വിലയിരുത്തലും നടത്തി മണ്ണും മണലും നീക്കം ചെയ്തു ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നദികൾ, കായലുകൾ തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ ആവശ്യാനുസരണം ഡീസിൽറ്റിംഗ്, ആഴം കൂട്ടൽ, പാർശ്വ സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ പദ്ധതികളുടെ മുൻഗണനയും ലഭ്യമായ ഫണ്ടും അനുസരിച്ച് നടപ്പാക്കുന്നതിനും പരിഗണിക്കുന്നുണ്ട്. മഴക്കാല മുന്നൊരുക്ക ഫണ്ടിന്റെ ലഭ്യത,ആവശ്യകത എന്നിവ അനുസരിച്ച് നദികളിൽ അടിഞ്ഞു കൂടിയിരിക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി വർഷാവർഷം നടപ്പിലാക്കി വരുന്നുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്ത് (ഡീസിൽറ്റേഷൻ) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റ ഭാഗമായി, പ്രാഥമികമായി പാലക്കാട് ജില്ലയിലുള്ള മംഗലം ഡാം തിരഞ്ഞെടുക്കുകയും ഡീസിൽറ്റേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പാലക്കാട് ജില്ലയിൽ തന്നെയുള്ള ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മീങ്കര, വാളയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

2018- 2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാനത്തെ 44 നദികളുടെ പുനരുജ്ജീവന പ്രവൃത്തികളുടെ ചുമതല ജലസേചന വകുപ്പിന് കീഴിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിരുന്നു. അതിന്റ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടു കൂടി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ജനകീയ പങ്കാളിത്തത്തോടു കൂടിയും, ജലസേചന വകുപ്പ് നേരിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി. 43 നദികളിൽ (കല്ലായി ഒഴികെ) ആകെ 3, 01, 65, 570 $m^3$ എക്കലും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 98,35,939 $m^3$ ഇതിനോടകം നീക്കം ചെയ്തിട്ടുണ്ട്.ജലാശയങ്ങളിലെയും തോടുകളിലെയും എക്കൽ, മണ്ണ്, മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനായി Pre-Monsoon Cleaning, Desilting, Dredging തുടങ്ങിയ പ്രവർത്തികൾ ഫണ്ട് ലഭ്യത അനുസരിച്ച് നടപ്പിലാക്കി വരുന്നു.

നിലവിൽ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള മംഗലം, മീങ്കര, ചുള്ളിയാർ, വാളയാർ അണക്കെട്ടുകളിൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തികളും KIIDC മുഖേനെ നടത്തി വരുന്ന ഡാം ഡീസിൽറ്റേഷൻ പ്രവർത്തികൾ, റെഗുലേറ്റർ ഡീസിൽറ്റേഷൻ പ്രവർത്തികൾ എന്നിവ <u>സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.</u>

**സെക്ഷൻ ഓഫീസർ**

അനുബന്ധം –1

| Sl. No | Name of reservoir/ Dam | Year of study | Total Quantity of Sediment **(Mm³)** | % reduction in capacity at the water level at which survey is conducted |
|---|---|---|---|---|
| 1 | Malampuzha | 2019 | 48.37 | 27.46 |
| 2 | Mangalam | 2024 | 3.033 | 14.04 |
| 3 | Pothundi | 2020 | 3.78 | 8.04 |
| 4 | Chulliyar | 2017 | 1.14 | 24.84 |
| 5 | Meenkara | 2020 | 1.62 | 17.81 |
| 6 | Walayar | 2018 | 2.11 | 16.55 |
| 7 | Kanjirappuzha | 2020 | 16.98 | 24.76 |
| 8 | Siruvani | 2011 | 1.641 | 6.78 |
| 9 | Kuttiyadi | 2025 | 22.37 | 29.81 |
| 10 | Karapuzha | 2026 | Report awaiting | |
| 11 | Pazhassi | 2026 | Report awaiting | |
| 12 | Venkalakkayam Eri (വലിയ കുളം) | 2021 | 0.452 | 14.71 |
| 13 | Kambalathara Eri (വലിയ കുളം) | 2021 | 0.327 | 10.90 |
| 14 | Kunnampidari Eri (വലിയ കുളം) | 2021 | 0.248 | 29.84 |

## അനുബന്ധം-2

ജലസേചന പദ്ധതി വിഭാഗത്തിൽ നെയ്യാർ , കല്ലട , മലങ്കര , ചിമ്മിനി , വാഴാനി എന്നീ ഡാമുകളും മണിയാർ , ഭൂതത്താൻകെട്ട് എന്നീ ബാരേജുകളുമാണ് ഉള്ളത്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. നെയ്യാർ ഡാം**

നെയ്യാർഡാമിൽ 2019-ൽ KERI Peechi നടത്തിയ Bathymetric പഠനത്തിൽ സെഡിമെന്റേഷന്റെ അളവ് 12.141 $Mm^3$ ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് ജലസംഭരണശേഷിയുടെ 12.76% മാണ്. നെയ്യാർ ഡാമിൽ അവസാനമായി 'സെഡിമെന്റേഷൻ പഠനം' നടന്നത് 2019-ലാണ്. ഇതിനുശേഷം ഏഴ് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, നിലവിലെ സ്ഥിതി പഠിക്കുന്നതിനായി 2026 സെപ്റ്റംബറിൽ സെഡിമെന്റേഷൻ പഠനം നടത്തുവാൻ ജലസേചന വകുപ്പിന് കീഴിലുള്ള KERI-യെ (Kerala Engineering Research Institute) ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം Bathymetric Survey നടത്തിയിട്ടുണ്ട്.

2.കല്ലട ഡാം

കല്ലട ഡാമിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടു വരുന്നതിനായി 2018, 2022 എന്നീ വർഷങ്ങളിൽ KERI Peechi നടത്തിയ 'സെഡിമെന്റേഷൻ സ്റ്റഡി' പ്രകാരം ഡാമിന്റെ കപ്പാസിറ്റിയിൽ 36 വർഷം കൊണ്ട് 28.608 $Mm^3$ ആയി കുറഞ്ഞതായി കണക്കാക്കിയിട്ടുണ്ട്.

**3. മലങ്കര ഡാം**

മലങ്കര ഡാമിൽ എക്കലും ചെളിയും മറ്റും അടിഞ്ഞുകൂടിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ അവ നീക്കം ചെയ്യുന്നതിനുള്ള ഡി.പി.ആർ സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ) നം.51/2025/ജവിവ തീയതി 23-06-2025 പ്രകാരം, മൂലമറ്റം പവർഹൗസിന്റെ താഴ്ഭാഗത്ത് തൊടുപുഴ നദിയിലെ റിസർവോയർ ഏരിയയിൽ, മലങ്കര ഡാം മുതൽ മുകൾ ഭാഗത്തേക്ക്, 8 കി.മീ.

ദൈർഘ്യത്തിൽ 'ഡീസിൽട്ടേഷൻ' നടത്തുവാൻ സർക്കാരിൽനിന്നും അനുമതി നൽകി ഉത്തരവ് പുറത്തിറക്കുകയും ചെയ്തു. തുടർന്ന് മേൽ പ്രവൃത്തി Tender ID:2026-_Irrig_829023_1 തീയതി 20-01-2026 പ്രകാരം ടെൻഡർ ചെയ്യുകയും, 04-03-2026 ലെ 'Technical committee യോഗം' ചേർന്ന് ടെൻഡറിൽ പങ്കെടുത്ത 2 Bidders നേയും Technically 'Qualify' ചെയ്തതായി അംഗീകരിക്കുകയും ചെയ്തു. **തുടർന്ന് Financial Bid അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.**

**4. ചിമ്മിനി ഡാം**

ചിമ്മിനി ഡാമിൽ 2018 KERI Peechi നടത്തിയ sedimentation study പ്രകാരം റിസർവോയർ കപ്പാസിറ്റി 22 വർഷം കൊണ്ട് 1.13 $Mm^3$ കുറഞ്ഞിട്ടുണ്ട്. കൂടാതെ വർഷംതോറും കപ്പാസിറ്റി 0.05 $Mm^3$ എന്ന തോതിൽ കുറയുന്നതായി കണക്കാക്കിയിരിക്കുന്നു. ചിമ്മിനി ഡാമിലെ നിലവിലെ റിസർവോയർ കപ്പാസിറ്റിയിലുള്ള കുറവ് കണ്ടെത്തുന്നതിനായി KERI, Peechi യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**5. വാഴാനി ഡാം**

നിലവിൽ ഡാമിലെ സെഡിമെന്റേഷൻ അളവ് കണ്ടെത്തുന്നതിനായി KERI, , Peechi യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**6. മണിയാർ ബാരേജ്**

മണിയാർ ബാരേജ് 2022 ഫെബ്രുവരി മാസം 20 മുതൽ 23 വരെ KERI പീച്ചിയുടെ പഠനത്തിൽ മണിയാർ ബാരേജിന്റെ സംഭരണശേഷി വളരെക്കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംഭരണിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന 0.66 $Mm^3$ ചെളിയും എക്കലും മറ്റ് അവശിഷ്ടങ്ങളുമാണ് നീക്കം ചെയ്യേണ്ടത്. മണിയാർ ബാരേജിലെ ചെളിയും/എക്കലും നീക്കം ചെയ്യുന്നതിന് ആവശ്യമായ വിശദ പദ്ധതിരേഖ തയ്യാറാക്കണമെങ്കിൽ 'കോർ സാംപ്ലിങ്' നടത്തേണ്ടതായിട്ടുണ്ട്. സാംപ്ളിംഗ് പോയിന്റുകൾ, കൂടുതലും ആഴം കൂടിയ സ്ഥലങ്ങളിൽ വരുന്നതിനാൽ 'specialised equipment' ആവശ്യമാണെന്നും, നിലവിൽ 'Specialised equipment', KERI -ക്ക് ഇല്ലാത്തതിനാൽ, സജ്ജീകരിക്കുന്നതിന് മതിയായ സമയം വേണമെന്നും അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ബാരേജിലെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്ന 'മെക്കാനിക്കൽ' പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ബാരേജിന്റെ ഷട്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2025 മെയ്യ് മാസത്തിൽ 'റിവർ സ്ലൂയിസ്സുകൾ' തുറക്കുകയുണ്ടായി. ആയതിനാൽ KERI നടത്തിയ പഠനത്തിൽ

കണ്ടെത്തിയ ബാരേജിൽ അടിഞ്ഞുകൂടിയ ചെളിയുടെയും എക്കലിന്റെയും അളവിൽ കുറവ് വരാൻ സാധ്യതയുണ്ട്.

**7. ഭൂതത്താൻ കെട്ട് ബാരേജ്**

ഭൂതത്താൻ കെട്ട് ബാരേജിൽ വർഷക്കാലത്ത് ഷട്ടറുകൾ തുറന്ന് ജലം പുഴയിലേക്ക് ഒഴുക്കി വിടുന്നതിനാൽ എക്കലും മണ്ണും അടിഞ്ഞുകൂടാനുള്ള സാധ്യത നിലനിൽക്കുന്നില്ല. ഭൂതത്താൻ കെട്ട് റിസർവോയറിൽ 'Bathymetric പഠനം' നടത്തിയതിൽ പ്രകാരം 'സിൽറ്റ് ഡെപ്പോസിറ്റ്' ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -3</u>

മംഗലം അണക്കെട്ടിൽ ടേൺകീ അടിസ്ഥാനത്തിൽ 5.29% മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. ആയതിനാൽ പ്രവൃത്തി നടക്കുന്നില്ല.

ചുള്ളിയാർ അണക്കെട്ടിലെ 11,33,610 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തി കേരള സർക്കാർ KIIDC (Kerala Irrigation Infrastructure Development Corporation) -യെ ഏൽപ്പിച്ചിരുന്നു. പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

മീങ്കര, വാളയാർ അണക്കെട്ടുകളിലെ മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തികൾ കേരള സർക്കാർ KEMDEL (***Kerala State Mineral Development Corporation Limited***)-നെ ഏൽപ്പിച്ചിരുന്നു. മീങ്കര അണക്കെട്ടിലെ 54.45% (0.614 Mm3) മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിയും വാളയാർ അണക്കെട്ടിലെ 30.59% (0.410 Mm3) പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

വെങ്കലകയം, കമ്പാലത്തറ ഏരികളുടെ ഡീസിൽറ്റേഷൻ ഇറിഗേഷൻ ഡിപാർട്മെന്റ് മുഖാന്തരം ചെയ്തുവരുന്നു. വെങ്കലകയം ഏരിയിൽ നിന്നും 13.33% (0.06 Mm3) ചെളി നീക്കം ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

കമ്പാലത്തറ ഏരിയിൽ നിന്നും 24.62% (0.08 Mm3) ചെളി നീക്കം ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

കുന്നംപിടാരി ഏരി ഡിസിൽറ്റ് ചെയ്യാൻ ലഭിച്ച ഫിനാൻഷ്യൽ ബിഡ് അപ്രൂവലിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. **ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.**

ബാക്കി ഡാമുകളിൽ ഡീസിൽട്ടേഷൻ നടത്താനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2020, 2022 എന്നീ വർഷങ്ങൾ KERI ,പീച്ചി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തൂത്താല വെള്ളിയാങ്കൽ റെഗുലേറ്ററിന്റെ ജലസംഭരണിയിൽ നിന്നും 415485.435 m3 എക്കലും ചെളിയും അടിഞ്ഞുകൂടിയത് കണ്ടെത്തിയിരുന്നു. ആയതിൽ 16000 m3 എക്കൽ / ചെളി KIIDC മുഖേന 2022-23 ൽ നീക്കം ചെയ്തിട്ടുണ്ട്.ബാക്കിയുള്ള മണൽ പുഴയിൽ രൂപപ്പെട്ടിട്ടുള്ള 259653 m3 ഗർത്തങ്ങൾ നികത്തിയതിനു ശേഷം 139831 m3 എടുത്തുമാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

## KIIDC മുഖേന ഡാം ഡിസിൽറ്റേഷൻ പദ്ധതികൾ

1. **KIIDC മുഖേന ചുള്ളിയാർ ഡാം ഡിസിൽറ്റേഷൻ പദ്ധതി, പാലക്കാട്:** 9-ാം ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി (High Level Empowered Committee on Desiltation) ചുള്ളിയാർ ഡാമിൽ നിന്ന് 11,33,610 ക്യുബിക് മീറ്റർ മണലും ചെളിയും നീക്കം ചെയ്യാൻ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, ക്രുത്രാടൻസ് ഇൻഫ്രാസ്ട്രക്ച്ചർ എന്ന കമ്പനിയുമായി ₹6.00 കോടി **രൂപയുടെ** (ജി.എസ്.ടി. ഒഴികെ) കരാർ (18.05.2022) നടപ്പിലാക്കുകയും ചെയ്തു**. നിലവിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള അളവിൽ** (11,33,610 ക്യുബിക് മീറ്റർ) **ഡിസിൽറ്റ് ചെയ്ത വസ്തുക്കൾ ഡാം പരിസരത്ത് നിന്ന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ** 9,57,512.63 **ക്യൂബിക് മീറ്റർ പുറത്തേയ്ക്ക് കൊണ്ടുപോയിട്ടുണ്ട്.**
2. **അരുവിക്കര ഡാം ഡിസിൽറ്റേഷൻ പദ്ധതി, തിരുവനന്തപുരം:** അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി 12-ാം ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി (High Level Empowered Committee on Desiltation) പദ്ധതി നടപ്പിലാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 10,24,586 ക്യുബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, ഡിവൈൻ ഷിപ്പിംഗ് സർവീസസ് എന്ന കമ്പനിയുമായി ₹13.88 കോടി രൂപയുടെ (ജി.എസ്.ടി. ഒഴികെ) കരാർ (17.10.2024) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ച് വരുകയാണ്. നിലവിൽ 1,29,865.96 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്തിട്ടുണ്ട്.

## റെഗുലേറ്റർ ഡിസിൽറ്റേഷൻ പദ്ധതികൾ

1. **വെള്ളിയാങ്കല്ല് റെഗുലേറ്റർ ഡിസിൽറ്റേഷൻ പദ്ധതി, പാലക്കാട് (ഭാരതപ്പുഴ):** പാലക്കാട് ജില്ലയിലെ വെള്ളിയാങ്കല്ല് റെഗുലേറ്റർ ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുവാൻ 8-ാം ഹൈ ലെവൽ എംപവെർഡ് കമ്മിറ്റി (High Level Empowered Committee on Desiltation) കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിരുന്നു. ₹3.04 കോടി രൂപയുടെ (ജി.എസ്.ടി. ഒഴികെ) പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതി 2023 ഓഗസ്റ്റ്

മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 16,000 ക്യൂബിക് മീറ്റർ മണൽ നീക്കം ചെയ്തിട്ടുണ്ട്.

2. **മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ്, മലപ്പുറം (ചാലിയാർ):** മലപ്പുറം ജില്ലയിലെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് സൈറ്റിൽ അടിഞ്ഞുകൂടിയ മണൽ കെ.ഐ.ഐ.ഡി.സി. മുഖേന നീക്കം ചെയ്യാൻ 13-ാം ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി (High Level Empowered Committee on Desiltation) അനുമതി നൽകിയിട്ടുണ്ട്. 14-ാം ഉന്നതാധികാര സമിതി യോഗം പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യാൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, ഡിവൈൻ ഷിപ്പിംഗ് സർവീസസ് എന്ന കമ്പനിയുമായി കരാർ (25.09.2025) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. നിലവിൽ 14,212.71 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 2,63,927.80 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹65.17 കോടി രൂപയുടെ (ജി.എസ്.ടി. ഒഴികെ) വരുമാനവും ലഭിക്കും.

3. **കാങ്കകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്, മലപ്പുറം (ഭാരതപ്പുഴ):** മലപ്പുറം ജില്ലയിലെ കാങ്കകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് സൈറ്റിൽ അടിഞ്ഞുകൂടിയ മണൽ കെ.ഐ.ഐ.ഡി.സി. മുഖേന നീക്കം ചെയ്യാൻ 13-ാം ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി (High Level Empowered Committee on Desiltation) അനുമതി നൽകിയിട്ടുണ്ട്. 14-ാം ഉന്നതാധികാര സമിതി യോഗം പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്യുകയും, കെ.എസ്.ആർ. മറൈൻ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ (23.02.2026) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 11,36,000 ക്യൂബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹249.80 കോടി രൂപയുടെ (ജി.എസ്.ടി. ഒഴികെ) വരുമാനവും ലഭിക്കും. പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. മുജീബ് റഹ്മാൻ 2024-ൽ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി. (സി) നമ്പർ 31592 കേസിൽ, പദ്ധതിക്ക് പാരിസ്ഥിതിക അനുമതി വേണമെന്ന് 2025 ഏപ്രിൽ 3-ന് കോടതി വിധിച്ചിരുന്നു. എന്നാൽ നാഷണൽ ഫ്രെയിംവർക്ക് ഫോർ സെഡിമെന്റ് മാനേജ്മെന്റ് പ്രകാരം ഡിസിൽറ്റേഷൻ പ്രവൃത്തിക്ക് പാരിസ്ഥിതിക അനുമതി

ആവശ്യമില്ലാത്തതിനാൽ, സർക്കാർ തലത്തിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം ഹൈക്കോടതിയിൽ ആർ.പി. നമ്പർ 1263/2025 പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഈ ഹർജിയിന്മേൽ ഇതുവരെ അന്തിമ വിധി വന്നിട്ടില്ല.

4. ഇതിനുപുറമെ, ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള വെള്ളത്തൂവൽ (കരാർ നടപ്പിലാക്കി, പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു), കല്ലാർകുട്ടി (കെ.എസ്.ഇ.ബി.യിൽ നിന്ന് സാങ്കേതിക അനുമതി ലഭിക്കാനുണ്ട്) റിസർവോയറുകളിലെ ഡിസിൽറ്റേഷൻ ചുമതലയും കെ.ഐ.ഐ.ഡി.സി.ക്കാണ് നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ